# ‘യേശുവിന്റെ സാന്നിദ്ധ്യം’

## യോഹന്നാൻ 6:21

‘‘അവർ അവനെ പടകിൽ കയറ്റുവാൻ ഇച്ഛിച്ചു; ഉടനെ പടകു അവർ പോകുന്ന ദേശത്തു എത്തിപ്പോയി.’’

ശിഷ്യന്മാർ കർത്താവിൽനിന്ന് ഒരു അത്ഭുത പ്രവർത്തിയെ കണ്ട്, അനുഭവിച്ച് തൃപ്തരായശേഷം (അഞ്ചപ്പം കൊണ്ട് അയ്യായിരം പേരെ പോഷിപ്പിച്ചതായ അത്ഭുതം) കഫർന്നഹൂമിലേക്കുള്ള യാത്രയിലായിരുന്നു എന്ന് വായിച്ചതായ വേദഭാഗത്തു നിന്നു കാണാം. സന്ധ്യാസമയം പടകിൽ കയറി യാത്ര തുടങ്ങുന്ന ശിഷ്യന്മാർ, എന്നാൽ യാത്രയിൽ ഒരു കുറവുണ്ടായിരുന്നു. ‘യേശു’ അവരുടെ കൂടെ ഉണ്ടായിരുന്നില്ല. ‘ഇരുട്ടായശേഷവും യേശു അവരുടെ അടുക്കൽ വന്നിരുന്നില്ല’ എന്ന് വചനം പറയുന്നു.

കർത്തൃസാന്നിധ്യം ഇല്ലാതെ തുടങ്ങിയ ഒരു യാത്ര, വഴിമധ്യേ കൊടുങ്കാറ്റിന്റെയും കടൽക്ഷോഭത്തിന്റെ ശക്തമായ ആക്രമണത്തിന് വിധേയമാകുന്ന ഭയങ്കരമായ കാഴ്ച നമുക്ക് കാണാം. കർത്താവിന്റെ സാന്നിദ്ധ്യം പടകിന്റെ അടുത്തേക്ക് കടന്നു ചെന്നപ്പോൾ അവ ശാന്തമാകുകയും ചെയ്തു. കുറിവാക്യത്തിൽ കണ്ടതുപോലെ അവർ യേശുവിനെ പടകിൽ ഒന്ന് കയറ്റാൻ ഇച്ഛിച്ചതേയുള്ളൂ. ആഗ്രഹം ഉള്ളിൽ വന്നപ്പോൾ തന്നെ എത്ര വലിയ മാറ്റം ഉണ്ടായി. ‘ഉടനെ’ പടകു അവർ പോകുന്ന ദേശത്തു എത്തിപ്പോയി. ‘ഉടനെ’ എന്ന വാക്കിന് ആഴത്തിലുള്ള അർത്ഥം ഉള്ളതായി നമുക്ക് ഇവിടെ മനസ്സിലാക്കാം.

യേശുവിന്റെ സാന്നിദ്ധ്യം തിരിച്ചറിഞ്ഞ് അവനെ ആനയിച്ചപ്പോൾ തന്നെ തങ്ങൾ ഉദ്ദേശിച്ച ദേശത്ത് എത്തുവാൻ ശിഷ്യന്മാർക്ക് കഴിഞ്ഞതുപോലെ തന്നെ നമുക്കും കഴിയും, കഴിയണം എന്ന വസ്തുത ഏറ്റെടുക്കാൻ വചനഭാഗം സഹായിക്കട്ടെ. ഇന്ന് കർത്താവ് പടകിലില്ലാതെ യാത്ര തുടങ്ങുന്ന ഓരോരുത്തരുടേയും അനുഭവവും ഇതു തന്നെയാകുന്നു. യാത്രാമധ്യേ അവർ തകർന്നുപോകും. കാറ്റും കോളും തിരമാലകളും ആകുന്ന സാത്താന്യ തന്ത്രങ്ങൾ കീഴടക്കാനായി പതിയിരിക്കുകയാണ്, അവയെ തിരിച്ചറിഞ്ഞ് സുഗമമായ യാത്ര സാധ്യമാകണമെങ്കിൽ യേശു ഉണ്ടെങ്കിലേ സാധിക്കൂ.

മറിയയും, യോസേഫും വഴിമധ്യേവെച്ചാണ് യേശു കൂടെ ഇല്ലെന്ന് മനസ്സിലാക്കിയത്. എന്നാൽ ആ നിമിഷം തന്നെ തിരിച്ചുചെന്ന് അവനെയുംകൊണ്ട് യാത്രയാകുന്ന കാഴ്ച നമുക്കറിയാം. ഇവിടെ കടലിന്മേൽ നടക്കുന്ന യേശുവിനെ കണ്ട് ശിഷ്യന്മാർ ആദ്യം പേടിച്ചു. എന്നാൽ തിരിച്ചറിഞ്ഞ നിമിഷം അവൻ കർത്താവിനെ തങ്ങളുടെ പടകിലേക്ക് എതിരേറ്റു. ‘ഞാൻ ആകുന്നു പേടിക്കേണ്ടാ’ (യോഹ.6:20) എന്ന ഇമ്പശബ്ദം

ജീവിതത്തിന്റെ ഓരോ അനുഭവങ്ങളിലും നമുക്ക് കേൾക്കാൻ കഴിയുന്നില്ലെങ്കിൽ പരാജയം തന്നെയാകുന്നു ഫലം. പടകിന്റെ നിയന്ത്രണം മുഴുവനായി ആ കരങ്ങളിലേക്ക് കൊടുക്കാം. രാത്രിയുടെ നാലാം യാമത്തിലാണെങ്കിലും അവൻ കടന്നുവന്ന് നമ്മെ സഹായിക്കാൻ ഒരുങ്ങിനിൽക്കുന്നു.

നോഹയെയും കുടുംബത്തെയും നയിച്ചതായ ദൈവീകസാന്നിദ്ധ്യം, മോശയെ സംരക്ഷിച്ചതായ ദൈവീകസാന്നിദ്ധ്യം എത്ര അതിശയകരം. ദൈവമക്കളായ ഓരോരുത്തർക്കും ഈ വാഗ്ദത്തം സ്വന്തം ആകുന്നു. കർത്താവില്ലാതെ പോകുന്നതായ പടകുകൾ ഓരോന്നും ഇന്ന് തിരിച്ചറിഞ്ഞ് അവന്റെ സാന്നിദ്ധ്യത്തിനായി ആഗ്രഹത്തോടെ ഏല്പിച്ചു കൊടുക്കാം. വിശ്വാസി നോക്കി പാർക്കുന്ന വാഗ്ദത്ത ദേശത്തു എത്തിച്ചേരുവാൻ അനേക പടകുകൾ കടക്കേണ്ടതുണ്ട്. തന്റെ പിതാവ് ഓടിക്കുന്ന വാഹനത്തിൽ ഒരു പൈതലിന്റെ യാത്ര അവന് സുഖകരവും സന്തോഷപ്രദവും ആയിരിക്കും. ഒരു ദുർഘടങ്ങളെക്കുറിച്ചും അവന് ഭയമില്ല. വാഹനത്തിന്റെ പൂർണ്ണമായ നിയന്ത്രണം പിതാവിന്റെ കരങ്ങളിലാണെന്ന് അറിയാവുന്നതുകൊണ്ട് അവൻ ഭയമില്ലാതെ യാത്ര തുടരും. ഇതു തന്നെയാണ് സ്വർഗ്ഗീയ പിതാവും നമ്മോടുകൂടെ യാത്ര ചെയ്യുമ്പോൾ ലഭിക്കുന്ന സന്തോഷവും, സമാധാനവും. അതിലുപരി സുരക്ഷിതവും, സുഗമവുമായ യാത്ര. ദുർഘടങ്ങളില്ലാതെ, ദുർഘടങ്ങൾ അതിജീവിച്ചുകൊണ്ട് 'യേശുവാകുന്ന' പടകിലൂടെ മാത്രം മുന്നോട്ട് പോകാൻ ഇടയാകട്ടെ.

ഇരുട്ടായ ശേഷവും യേശു അടുക്കൽ വന്നില്ല എന്ന സ്ഥിതി അല്ല മറിച്ച് അതികാലത്തെ തന്നെ അവനായി വാഞ്ഛിച്ചു മോഹിച്ചു പോകുന്ന ഒരു ഹൃദയത്തിനായി ഓരോ ദൈവമക്കളും അധികമായി ഒരുങ്ങട്ടെ എന്ന് പ്രാർത്ഥിക്കുന്നു. യാത്ര ചെയ്തുകൊണ്ടിരിക്കുന്ന ലക്ഷ്യത്തിലേക്ക് തന്നെ എത്തിച്ചേരാൻ കർത്താവിന്റെ മാറ്റമില്ലാത്ത സാന്നിദ്ധ്യം നമുക്ക് പിന്തുടരാം.

പരാമർശം :

പുറപ്പാടു 33:14

അതിന്നു അവൻ: എന്റെ സാന്നിദ്ധ്യം നിന്നോടുകൂടെ പോരും; ഞാൻ നിനക്കു സ്വസ്ഥത നൽകും എന്നു അരുളിച്ചെയ്തു.

**സിസ്റ്റർ ബിന്ദു റെജി അയ്മനം 034**